ഇഹ്സാൻ

# കസബ് പറഞ്ഞതും പറയാത്തതും

**വസ്തുത** മറ്റെന്തൊക്കെയോ ആയിരിക്കാമെങ്കിലും, പാർലമെന്റ് ആക്രമണം ഇന്ത്യകണ്ട ഏറ്റവും മുഴുത്ത കാപട്യമായിരുന്നുവെന്ന് വാദിക്കുന്ന എത്രയെങ്കിലും പേരുണ്ട്. അരുന്ധതി റോയിയും നിർമലാംശു മുഖർജിയും നന്ദിതാ ഹക്സറും മറ്റു മനുഷ്യാവകാശ പ്രവർത്തകരും അഭിഭാഷകരും പത്രപ്രവർത്തകരുമൊക്കെ എൻ.ഡി.എ സർക്കാർ അതിവിദഗ്ധമായി ഒപ്പിച്ചെടുത്ത ഒരു നാടകമായിരുന്നു ഇതെന്നാണ് പറയുന്നത്. പക്ഷേ എങ്ങനെയത് സാധിച്ചു എന്ന ചോദ്യത്തിനുള്ള ഉത്തരം ആർക്കും കൃത്യമായി പറഞ്ഞുതരാനായില്ല. മുംബൈ ആക്രമണത്തെ കുറിച്ച അജ്മൽ അമീർ കസബിന്റെ വെളിപ്പെടുത്തലുകളിലും സാധ്യതകളുടെ ഇത്തരം ചില ക്രമപ്രശ്നങ്ങളുണ്ട്. ഒരു രാഷ്ട്രീയക്കാരന്റെ തെരുവു പ്രസംഗത്തിന് തുല്യമായ വാക്കുകളാണ് ഇയാൾ പറഞ്ഞതത്രയും. പക്ഷേ എന്തുകൊണ്ട്, എങ്ങനെ അയാൾ അത് പറയാനിടയായി? പീഡനം സഹിക്കവയ്യാതെ കുറ്റം ഏറ്റുപറഞ്ഞതാണെന്ന് വാദിക്കുന്നതിൽ ഒരു അർഥവുമില്ല. അങ്ങനെയായിരുന്നുവെങ്കിൽ ഇന്ത്യയുടെ മുഴുവൻ വാദങ്ങളെയും തള്ളിപ്പറഞ്ഞ്, താൻ വെടിവെച്ചു വീഴ്ത്തിയ മുഴുവൻ ഇരകളെയും എണ്ണിപ്പറഞ്ഞ് ഇയാൾ തന്റെ കഴുമരം ഉറപ്പുവരുത്തുമായിരുന്നല്ലോ. ഇപ്പോൾ കോടതിയിൽ സമ്മതിച്ച കുറ്റങ്ങൾക്കുള്ള ശിക്ഷ ജീവപര്യന്തം തടവിൽ ഒതുങ്ങാനുള്ള സാധ്യതയും ഉണ്ടായിരുന്നു. പാകിസ്താനും ലശ്കറും മാത്രമല്ല എല്ലാവരും കസബിനെ കരുവാക്കുകയാണ്. പൂർണമായ കുറ്റസമ്മതത്തേക്കാളുപരി ചില അന്താരാഷ്ട്ര താൽപര്യങ്ങളെ സഹായിക്കാനുതകുന്ന നിലപാടുകൾ സ്വീകരിക്കുകയാണ് ഇയാൾ ചെയ്തതെന്ന് വ്യക്തമായ സാഹചര്യത്തിൽ കാഴ്ചകളുടെ പുറംപൂച്ചുകളെ കണ്ണടച്ചു വിശ്വസിക്കാൻ നിർവാഹമില്ല.

മുംബൈ ആക്രമണ കേസിൽ കൂടുതൽ വാദം നടന്നാൽ പോലീസിന് തെളിവ് ഹാജരാക്കാൻ കഴിയാത്ത ചില സാഹചര്യങ്ങളെയാണ് കസബ് സ്വന്തം ചുമലിൽ ഏറ്റെടുത്തത്. പാകിസ്താനിൽ നിന്നും താനടക്കം പത്തുപേർ മാത്രമേ ഇന്ത്യയിലേക്ക് വന്നിട്ടുള്ളൂ എന്നും ഇന്ത്യയിലെത്തിയ തങ്ങളെ മുംബൈയിലോ ഗുജറാത്തിലോ ആരും സഹായിച്ചിട്ടില്ല എന്നുമാണ് കസബ് പറഞ്ഞതിന്റെ ബാക്കിപത്രം. പാകിസ്താനിൽ അറസ്റ്റ് ചെയ്ത് കൈമാറണമെന്ന് ഇന്ത്യ ആവശ്യപ്പെടുന്ന ലശ്കറെ ത്വയ്യിബ നേതാക്കളുടെ പേരും അവർ ആക്രമണത്തിൽ വഹിച്ച പങ്കിന്റെ വിശദാംശങ്ങളും കസബ് എടുത്തു പറയുന്നുണ്ട്. എത്രത്തോളമെന്നു വെച്ചാൽ, കറാച്ചിയിലെ തുറമുഖത്ത് തങ്ങളെ യാത്രയയക്കാൻ ലശ്കർ നേതാക്കൾ നേരിട്ട് വന്നിരുന്നു എന്നുപോലും ഈ മൊഴിയിലുണ്ട്. അന്താരാഷ്ട്ര സമ്മർദത്തിനു വഴങ്ങി ഈ വ്യക്തികൾക്കെതിരെ പാകിസ്താൻ സർക്കാർ സ്വന്തം രാജ്യത്തെ കോടതികളിൽ കേസ് നടത്തി പരാജയപ്പെട്ടിരുന്നു എന്നതോർക്കുക. അതേസമയം കേസിലെ മുഖ്യ ആസൂത്രകനായി ഇന്ത്യയിലെ ഹൈദരാബാദ് സ്വദേശിയായ അബൂ ജിണ്ടൽ എന്ന പുതിയൊരു കഥാപാത്രത്തെ കസബ് ലോകത്തിന് പരിചയപ്പെടുത്തിയിരിക്കുന്നു. ഇന്ത്യയുടെ പ്രതിപ്പട്ടികയിൽ പോലും ഇതേവരെ ഇങ്ങനെയൊരാളില്ല. ലശ്കർ നേതാക്കളായ സഖിയുർറഹ്മാൻ ലഖ്വിയും ഹാഫിസ് സഈദും മാത്രമല്ല കേസിലെ പ്രധാനികളെന്ന് ഇനി പാകിസ്താനും വാദിച്ചു നിൽക്കാനാവും. സഈദിനെതിരെയുള്ള കേസ് പരാജയപ്പെട്ടെങ്കിൽ കൂടിയും കസബിന്റെ പൗരത്വം സ്ഥിരീകരിച്ച് പാകിസ്താൻ സർക്കാർ ഇന്ത്യക്ക് തിട്ടൂരം നൽകി. അതായത്, സ്വന്തം തിമിംഗലങ്ങളെ പാകിസ്താൻ രക്ഷിച്ചുവെന്നർഥം! മുംബൈയിലെയും ഗുജറാത്തിലെയും സ്വന്തം കൊമ്പൻ സ്രാവുകളെ ഇന്ത്യയും രക്ഷിച്ചു. ഇരുവരും അങ്ങോട്ടുമിങ്ങോട്ടും ചില പരൽമീനുകളെ കൈമാറുകയും ചെയ്തു. അതല്ലേ യഥാർഥത്തിൽ നടന്നത്?

ഈ പരീക്ഷണത്തിൽ കസബിന് എന്തുപറ്റുമെന്നാണ് നമുക്ക് ഇനി അറിയാനുള്ളത്. പാകിസ്താനിൽ നിന്നും വന്നവരെ കുറിച്ച് അയാൾ പറഞ്ഞത് അവിശ്വസിക്കേണ്ട കാര്യമില്ല. പക്ഷേ തന്നെ കുറിച്ച് അയാൾ പറഞ്ഞതത്രയും ശുദ്ധ നുണയാണ്. തനിക്ക് അറിയാവുന്ന പലരെ കുറിച്ചും ഒന്നും പറഞ്ഞിട്ടുമില്ല. കസബ് പറഞ്ഞത് മുഴുവൻ അംഗീകരിച്ച് എത്രയും പെട്ടെന്ന് ഈ കേസ് അവസാനിപ്പിക്കണമെന്ന് സർക്കാറിനു വേണ്ടി വാദിക്കുന്ന മുഖ്യ പ്രോസിക്യൂട്ടർ ഉജ്വൽ നിഗമിനു പോലും അഭിപ്രായമില്ല. സാക്ഷിമൊഴികളുടെ അടിസ്ഥാനത്തിൽ വിചാരണ തുടരണമെന്നാണ് അദ്ദേഹത്തിന്റെ ആവശ്യം. അതേസമയം ഒരാളെ പോലും താൻ നേരിട്ട് കൊന്നതായി കസബ് ഇപ്പോഴും സമ്മതിച്ചിട്ടില്ല. മുഖ്യപ്രതികളെ ശിക്ഷിക്കാൻ കഴിയാതിരിക്കെ ലോകത്ത് എവിടെയെങ്കിലും കൂട്ടുപ്രതിക്ക്, അതും പരസ്പര വിരുദ്ധമായ കുറ്റസമ്മതമൊഴിയുടെ അടിസ്ഥാനത്തിൽ മാത്രം ഒരു കോടതി വധശിക്ഷ നടപ്പാക്കുമോ എന്നത് കണ്ടുതന്നെ അറിയണം. കീഴ്ക്കോടതിയിലെ വിചാരണ പാതിവഴിയിൽ അവസാനിപ്പിച്ച് മേൽക്കോടതിയിലേക്കു പോകാനും അവിടെ വിധിന്യായത്തിന്റെ സാങ്കേതിക വശങ്ങളെ കുറിച്ച് തർക്കിക്കാനാവുമെന്നുമാണ് കസബിന് ലഭിച്ചിരിക്കാനിടയുള്ള 'ഉപദേശം'. ഇന്ത്യക്കും പാകിസ്താനുമിടയിലെ പതിവ് തർക്കങ്ങളിൽ ഇന്ത്യൻ വാദങ്ങളെ ഒറ്റയടിക്ക് സാക്ഷ്യപ്പെടുത്തുകയാണ് ഇപ്പോൾ കസബ് ചെയ്തത്. എല്ലാ അർഥത്തിലും ഇയാൾ കേസിൽ ഇന്ത്യയെ സഹായിക്കുകയാണ്. നിരവധി രാജ്യങ്ങളുടെ വിദേശകാര്യ സെക്രട്ടറിമാർ ഒന്നിച്ചിരുന്ന് തയാറാക്കിയ ഒരു കുറ്റസമ്മതമൊഴി പോലെയാണ് കസബിന്റെ പുതിയ വെളിപാടുകൾ അനുഭവപ്പെടുന്നത്. എത്രയെത്ര താൽപര്യങ്ങളാണ് ആ മൊഴിയിലുള്ളത്? ഇന്തോ പാക് ഇന്റലിജൻസ് ജെല്ലിക്കെട്ടിന്റെ ഭാഗമായ ചില മുദ്രാവാക്യങ്ങൾ പോലും അതിലുണ്ട്. പാകിസ്താനും ഇസ്ലാമിനും വേണ്ടി പടപൊരുതാനിറങ്ങിയതിന്റെ വിശദാംശങ്ങളാവണം ജസ്റ്റിസ് തഹിലിയാനി രഹസ്യമാക്കിവെക്കാൻ നിർദേശിച്ചത്. 'പാകിസ്താനെ' ഒരേസമയം പ്രതിക്കൂട്ടിലാക്കുകയും ഒപ്പം രോമാഞ്ചം കൊള്ളിക്കുകയും ചെയ്യുന്നതല്ലേ മൊത്തത്തിൽ ഈ കുറ്റസമ്മതം?

അമേരിക്കയും ഇന്ത്യയും തമ്മിൽ ഒപ്പിട്ട നാണംകെട്ട ഒരു കരാറിന്റെ പശ്ചാത്തലത്തിലാണ് കസബ് വാർത്തകളിൽ നിറയുന്നത്. ജനങ്ങളുടെ ശ്രദ്ധ ആകർഷിക്കാൻ കസബിന് കഴിഞ്ഞതിൽ ദൈവത്തെ സ്തുതിക്കുക. ഒന്നുകിൽ നാടകം ഇവിടം കൊണ്ടവസാനിച്ചു. അല്ലെങ്കിൽ അഹിതകരമായ മറ്റെന്തോ ഒന്ന് വഴിയിൽ കാത്തിരിക്കുന്നു... ■